പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.-2577 | 07.10.2016 ൽ മറുപടിക്ക്

## ആലത്തൂർ ടൗണിലെ ഗതാഗതക്കുരുക്ക്

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | മറുപടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലത്തൂർ ടൗണിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതി നായി അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) ആലത്തൂർ ടൗണിലെ മെയിൻ റോഡിന്റെ വിസ്താരം കുറവായതിനാൽ ഗതാഗത കുരുക്ക് നിലവിൽ അനുഭവപ്പെട്ട് വരുന്നുണ്ട്. വാഹനങ്ങളുടെ വർദ്ധനവും കച്ചവട സ്ഥാപനങ്ങളുടെ വർദ്ധനവും ജനത്തിരക്കും മറ്റും കാരണമാണ് ഗതാഗത കുരുക്ക് അനുഭവപ്പെട്ട് വരുന്നത്. ആയത് പരിഹരിക്കുന്നതിനായി പോലിസ് ഉദ്യോഗസ്ഥരേയും ഹോം ഗാർഡുകളെയും ഡ്യൂട്ടിക്ക് നിയോഗിച്ച് ഗതാഗതം നിയന്ത്രിച്ചും റോഡരികിലുള്ള അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. ഇതിനു പുറമേ ഈ റൂട്ടിലുള്ള സ്വകാര്യ ബസുകൾക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ